പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :4359 17/05/2017-ൽ മറുപടിക്ക്

## ഡെപ്യൂട്ടി മാസ്സ് മീഡിയ ആന്റ് എഡ്യൂക്കേഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിലെ ഡെപ്യൂട്ടി മാസ്സ് മീഡിയ ആന്റ് എഡ്യൂക്കേഷൻ ഓഫീസർ തസ്തികയിലേക്കുള്ള നിയമനം ഏത് രീതിയിലാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ജി.ഒ(എം.എസ്) നം. 60/75/ഹെൽത്ത് തീയതി 17/03/1975 എന്ന ഉത്തരവ് അനുസരിച്ചാണ് ആരോഗ്യ വകുപ്പിലെ ഡെപ്യൂട്ടി മാസ് മീഡിയ ആന്റ് എഡ്യൂക്കേഷൻ ആഫീസർ തസ്തികയിലേക്കുള്ള നിയമനം നടത്തുന്നത്. |
| (ബി) | പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | **നേരിട്ടുള്ള നിയമനം**<br>സോഷ്യൽ സയൻസ്/സോഷ്യൽ വർക്ക്/വിദ്യാഭ്യാസം എന്നിവയിലുള്ള ബിരുദാനന്തര ബിരുദം (മേൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ) ബിരുദവും സോഷ്യൽ സയൻസിൽ ഡിപ്ലോമയും<br>**തസ്തികമാറ്റം മുഖേന**<br>ബിരുദം, ഹെൽത്ത് ഇൻസ്പെക്ടേഴ്സ് ട്രെയിനിംഗ് കോഴ്സ് അല്ലെങ്കിൽ തത്തുല്യ യോഗ്യത |
| (സി) | ഈ യോഗ്യതകളും നിയമനരീതിയും നിശ്ചയിച്ചു കൊണ്ട് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല.<br>പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കും. |

സെക്ഷൻ ആഫീസർ